## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1399 — 06/03/2018-ൽ മറുപടിയ്ക്ക്

## ഒല്ലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.കെ. രാജൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ 2016-2017 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ടതും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ചതുമായ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2 ഉം മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 4 ഉം ഉൾപ്പെടെ ആകെ 6 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും സാങ്കേതികാനുമതി ലഭിച്ചില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നും വ്യക്തമാക്കാമോ? | (ബി) | പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 5 ലക്ഷം രൂപ അടങ്കൽ വരുന്ന തെക്കേക്കുളം ജണ്ടമുക്ക് റോഡ് പ്രവൃത്തി പൂർത്തീകരിച്ചു. 25 ലക്ഷം രൂപ അടങ്കൽ വരുന്ന ചെമ്പൂത്ര ടെമ്പിൾ റോഡ് പ്രവൃത്തി 2018 ജൂൺ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. 50 ലക്ഷം രൂപ അടങ്കൽ വരുന്ന കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എക്സി. എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 2018 മാർച്ചിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | നടത്തറ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ മേൽക്കൂര ഷീറ്റ് ആണ്. ടി കെട്ടിടത്തിന് മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിനായി കോസ്റ്റ് ഫോർഡിന് അപേക്ഷ നൽകിയിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ലഭിച്ചതിന് ശേഷം മാത്രമേ സാങ്കേതികാനുമതിക്കായി അയയ്ക്കാൻ കഴിയൂ. സാങ്കേതികാനുമതി ലഭിച്ചാൽ ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**